**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 1041

07.02.2013 ൽ
മറുപടിക്ക്

## വിനോദ സഞ്ചാര മേഖലയെ ബാധിക്കുന്ന മാലിന്യ പ്രശ്നം

| ചോദ്യം<br>പ്രൊഫ.സി.രവീന്ദ്രനാഥ് | | ഉത്തരം<br>ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
|---|---|---|---|
| എ) | കേരളത്തിൽ പലസ്ഥലങ്ങളിലും മാലിന്യം കുന്നുകൂടി കിടക്കുന്നത് കാരണം വിദേശ, സ്വദേശ വിനോദ സഞ്ചാരികളുടെ വരവിൽ കുറവുണ്ടായിട്ടുണ്ടോ; | എ) | ഇല്ല. 2012 ൽ കേരളം സന്ദർശിച്ച വിദേശ-തദ്ദേശ വിനോദ സഞ്ചാരികളുടെ എണ്ണം 2011 ലേക്കാൾ കൂടുതലാണ്. 2011 ൽ 7,32,985 വിദേശ വിനോദ സഞ്ചാരികളും, 93,81,455 തദ്ദേശ വിനോദ സഞ്ചാരികളും കേരളം സന്ദർശിച്ചു. 2012 ൽ 7,89,698 വിദേശ വിനോദ സഞ്ചാരികളും, 1,00,76,854 തദ്ദേശ വിനോദ സഞ്ചാരികളും കേരളം സന്ദർശിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ഈയിനത്തിൽ ലഭിക്കുന്ന വരുമാനത്തിൽ എത്ര കുറവ് വന്നിട്ടുണ്ട്; | ബി) | വരുമാനത്തിൽ കുറവ് വന്നിട്ടില്ല. |
| സി) | പ്രസ്തുത കുറവ് പരിഹരിക്കാൻ മാലിന്യ നിർമ്മാർജ്ജനത്തിന് ബന്ധപ്പെട്ട വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ? | സി) | സംസ്ഥാനത്തെ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും മാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ട സജ്ജീകരണങ്ങൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ